

ശാസ്ത്രം
ചരിത്രം
സമന്വയം

വി. ജയദേവ്

കണ്ണൂർ അഴിക്കോട് സ്വദേശി രഞ്ജിത് മക്കൂനി ഒരു പാലമാണ്. സംസ്കാരങ്ങൾ തമ്മിലുള്ള പാലം. ഇങ്ങനെ പറഞ്ഞാൽ അത്ഭുതപ്പെടാത്തവർ രഞ്ജിത്തിനെ കണ്ടാലും അത്ഭുതപ്പെട്ടെന്നു വരില്ല. എന്നാൽ, കംപ്യൂട്ടർ സാങ്കേതിക വിദ്യകൊണ്ടു സംസ്കാരത്തെ തൊട്ടറിയുമ്പോൾ ആരുമറിയും. രഞ്ജിത് ഒരു പാലമാണ്.

ഈ പാലത്തിലൂടെ കടന്നു സംസ്കാരങ്ങൾ തമ്മിൽ കൈകോർക്കും. ഈ പാലത്തിലൂടെ കടന്നു സാങ്കേതിക വിദ്യയും ആധ്യാത്മികതയും ഇഴുകിച്ചേരും. മാറുന്ന ലോക സാഹചര്യത്തിൽ പരസ്പരം ഇടഞ്ഞു നിൽക്കുന്ന പരമ്പരാഗത സമൂഹവും അത്യന്താധുനിക സമൂഹവും സാമ്യതകൾ തിരിച്ചറിയും. കംപ്യൂട്ടർ സാങ്കേതിക വിദ്യയെ ആധ്യാത്മിക സംസ്കാരവുമായി ബന്ധിപ്പിക്കുകയാണ് രഞ്ജിത്ത് എന്നു വേണമെങ്കിൽ ഒറ്റ വാചകത്തിൽ പറയാം. പക്ഷേ, അതൊരിക്കലും അതിന്റെ പൂർണ അർഥമാവില്ല. അതിനു ഈ മലയാളി യുവാവിന്റെ ബുദ്ധിയിൽ വിരിഞ്ഞ (ദർശനത്തിൽ വിരിഞ്ഞ എന്നു രഞ്ജിത്ത് പറയും) സാങ്കേതികവിദ്യയുടെ ഉപകരണങ്ങൾ കാണണം.

എന്തൊക്കെയോ പുതിയ ഉപകരണങ്ങൾ കണ്ടുപിടിച്ചു അല്ലെങ്കിൽ വികസിപ്പിച്ചെടുത്തു എന്നതിന്റെ തെളിവുകൾ നിരത്തുകയല്ല അദ്ദേഹം. മറിച്ചു പുതിയൊരു അനുഭവത്തിലേക്ക് നയിക്കുകയാണ്. പുതിയൊരു തിരിച്ചറിവിലേക്ക് ഉണർത്തുകയാണ്.

ഇത്രയുമായാൽ, ഉദാഹരണങ്ങളൊന്നെങ്കിലും പറയുന്നില്ലെങ്കിൽ, വായനയിലൂടെ മാത്രം അദ്ദേഹത്തെ പരിചയപ്പെടുന്നവരോട് ചെയ്യുന്ന ക്രൂരതയാവും. പക്ഷേ, പറഞ്ഞു ഫലിപ്പിക്കാൻ പറ്റാത്ത ഒന്നെങ്കിലും ഭൂമിയിലുണ്ടെങ്കിൽ അതു രഞ്ജിത്തിന്റെ സൃഷ്ടികളാണ് എന്നൊരു മുൻകൂർ ജാമ്യം എടുക്കുന്നു.

ഉദാഹരണത്തിനു, ഡൽഹിയിലെ ഗാന്ധിജി മ്യൂസിയത്തിൽ വല്ലപ്പോഴുമൊന്നു കയറണം. ഗാന്ധിജിയെ കംപ്യൂട്ടറിലൂടെ രണ്ടാമതൊന്നു വായിക്കാം. ഗാന്ധിക്കണ്ണടച്ചില്ലുകളിൽ തെളിയുന്ന കംപ്യൂട്ടർ സ്ക്രീനിലും അല്ലാതേയും. ചരിത്രത്തിന്റെ വിരസതയില്ലാതെ, ഗാന്ധിജിക്കൊപ്പം നടന്നുകൊണ്ടും അദ്ദേഹത്തിന് ഏറ്റവും ഇഷ്ടപ്പെട്ട ഭജനയുടെ ഈണങ്ങളിൽ തുഴഞ്ഞുകൊണ്ടും. ഇവിടെ രഞ്ജിത്ത് ഗാന്ധിജിക്കും ചരിത്രത്തിനുമിടയിലെ പാലമാവുന്നു.

കംപ്യൂട്ടറിന്റെ അനന്ത സാധ്യതകളെ ഉപയോഗിച്ചുകൊണ്ടു നിർജീവമായ ഒരു ചരിത്ര പുസ്തകം തുറന്നു വയ്ക്കുകയല്ല അദ്ദേഹം ചെയ്യുന്നത്. കംപ്യൂട്ടർ സാങ്കേതിക വിദ്യ കൊണ്ടു ഒരു വരട്ടു ഡിജിറ്റൽ ലൈബ്രറി വിരൽത്തുമ്പിനു വേണ്ടി കീബോർഡിൽ അടുക്കിവയ്ക്കുകയല്ല അദ്ദേഹം ചെയ്തത്. മറിച്ച്, എന്നും പ്രസക്തമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ ജീവനുള്ള തുടിപ്പിനു മുന്നിലേക്ക് നമ്മെ പ്രതിഷ്ഠിക്കുകയാണ്. കംപ്യൂട്ടർ വെറും യൂസർ ഫ്രന്റ്ലി മാത്രമാവുമ്പോൾ ഇവിടെ കാണികൾ അതു മാത്രമായി വേറിട്ടു നിൽക്കുന്നില്ല. കംപ്യൂട്ടർ സാങ്കേതിക വിദ്യ സോൾ ഫ്രന്റ്ലിയാവുകയാണ്.



ഇതാണ് മറ്റു സാങ്കേതിക കലാകാരനും രഞ്ജിത്തും തമ്മിലുള്ള വ്യത്യാസം. ചർക്കയും കംപ്യൂട്ടറും തമ്മിൽ എന്തു ബന്ധം എന്നു പരിഹസിക്കാൻ തുടങ്ങുന്നവർ ഈ പുനർവായന കഴിയുമ്പോഴേക്കും രണ്ടും ഇഴപിരിയുന്നില്ല എന്ന തിരിച്ചറിവിലെത്തിക്കഴിയും.

അതാണ് കംപ്യൂട്ടർ സാങ്കേതിക വിദഗ്ദനും രഞ്ജിത്തും തമ്മിലുള്ള വ്യത്യാസം. പ്രകൃതിയെ ഹനിക്കാത്ത, വിഘടിക്കാൻ പറ്റുന്ന സാധാരണ വസ്തുക്കൾ കൊണ്ടാണ് അദ്ദേഹം ഉപകരണങ്ങൾ വികസിപ്പിച്ചെടുത്തിട്ടുള്ളത്. മുള കൊണ്ടും മരം കൊണ്ടുമുള്ള കംപ്യൂട്ടർ പെട്ടികൾ, മണ്ണുകൊണ്ടുള്ള ഡിജിറ്റൽ ഭിത്തികൾ ....

കംപ്യൂട്ടറിന്റെ പരമ്പരാഗത രൂപവും അനുബന്ധ ഉപകരണങ്ങളും (കീ ബോർഡ്) പാശ്ചാത്യ സാങ്കേതിക രീതികളുടെ മുന്നറിവ് (കീ ബോർഡിൽ ടൈപ്പ് ചെയ്യണമല്ലോ) ആവശ്യമാക്കുന്നതിനാൽ അതിനോട് സാധാരണക്കാർക്ക് മനസു മടുപ്പിക്കുന്ന സമീപനമായിരിക്കും. ഇതു മാറ്റാനാണ് കാഴ്ച അടിസ്ഥാനമാക്കിയ രീതി. കാശിയെ (വാരാണസി) ഡിജിറ്റലാക്കാനുള്ള പദ്ധതിയിൽ പലതിലൊന്നായി ഒരു സൈക്കിൾ റിക്ഷ(ഇ– റിക്ഷ) അദ്ദേഹം നിർമിച്ചിരുന്നു. സൈക്കിൾ റിക്ഷയെ സാധാരണക്കാരനു പരിചയപ്പെടുത്തേണ്ട ആവശ്യവും വരുന്നില്ല. ഇതിലെ ഓരോ ഭാഗവും പ്രവർത്തിപ്പിക്കുമ്പോൾ കാശിയുടെ ചരിത്രത്തിന്റെ, കാശിയുടെ ദുരിതത്തിന്റെ, പാപമോക്ഷങ്ങളുടെ ചിത്രങ്ങൾ സ്ക്രീനിൽ തെളിയുകയായി. റിക്ഷയ്ക്ക് എവിടേയും ചെല്ലാം, കാണികളുടെ ഹൃദയത്തിൽ വരെ. ഇങ്ങനെയാണ് രഞ്ജിത്ത് സാധാരണക്കാരന്റെ മനസിലേക്ക് ഒരു പാലമാവുന്നത്. വാരാണസി(കാശി) പ്രോജക്ടിലെ വിജയമാണ് അദ്ദേഹത്തെ ഗാന്ധി മ്യൂസിയത്തിലെത്തിച്ചത്. ബിർള വഴി.

സാധാരണക്കാർ പോലും സരസ്വതിയെ നോക്കാതെ ലക്ഷ്മിയെ പുജിക്കുന്ന ഇക്കാലത്ത് സരസ്വതി ദേവിയുടെ ചരിത്ര, സാംസ്കാരിക, സംഗീത–നൃത്യ പശ്ചാത്തലങ്ങൾക്ക് കിഴക്കനേഷ്യൻ രാജ്യങ്ങൾക്കിടയിൽ ഡിജിറ്റൽ പാലമൊരുക്കാനുള്ള ശ്രമത്തിലാണ് അദ്ദേഹമിപ്പോൾ.

മലയാളി കേരളത്തിന്റെ സമ്പന്നമായ സംസ്കാരത്തിലേക്ക് എന്നുകൊണ്ടു ഒരു പാലമാവുന്നില്ല എന്നു ചോദിച്ചു നോക്കുക. ഉണ്ട്, മനസിലൊരു പാലമിട്ടു കഴിഞ്ഞു. ഒറ്റപ്പെടുത്തുന്ന സാങ്കേതിക വിദ്യയെ സാമൂഹിക കൂട്ടായ്മയ്ക്കുള്ള ഉപകരണമാക്കാനുള്ള ശ്രമത്തിനിടയിൽ കേരളം എന്നും മനസിലുണ്ട്. ഉത്തര കേരളത്തിൽ ഒരു സാംസ്കാരിക ഗ്രാമം. അവിടെ തെയ്യവും മുത്തപ്പനും പടയണിയും കഥകളിയും.. അവയുടെ ചരിത്രവും സംസ്കാരവും സമ്പന്നതയും .ആളുകൾക്കു വന്നു താമസിക്കാനും സംസ്കാരത്തിൽ സ്വയം പങ്കാളികളാകാനും അവസരം.

അതിനനുബന്ധിച്ചു പല തരത്തിലുള്ള ടൂറിസം പദ്ധതികൾ. പുറമേ, കൃഷിയും വയലും കൈത്തറിയും കൂട നെയ്ത്തും പാത്ര നിർമാണവും.....തദ്ദേശവാസികൾക്ക് ഇഷ്ടംപോലെ തൊഴിൽ, ആദായം. ഇതാണ് പിടിവിടാതെ കൊണ്ടു നടക്കുന്ന സ്വപ്നം.. പടിപടിയായി ഒരു സമഗ്ര സാംസ്കാരിക ഗ്രാമം.

മണ്ണിന്റെ മണമുള്ളത്.
മനസിന്റെ നിറമുള്ളത്.
ഓർമയുടെ മധുരമുള്ളത്.
ആകാശത്തിന്റെ വലിപ്പമുള്ളത്.

കണ്ണൂർ അഴീക്കോട് ലക്ഷ്മിനിവാസിൽ വേങ്ങയിൽ കുഞ്ഞികൃഷ്ണൻ നായനാരുടെ മകൻ രഞ്ജിത്ത് ഒരു പാലമാണ്. അതിർത്തികളുടെ വരമ്പുകൾക്കിടയിലുള്ള ഒരു പാലം. ഐ. ഐ. ടി. ഖരക്പൂരിൽ നിന്നു ആർക്കിടെക്ചറിൽ ബിരുദം, ലൊസാഞ്ചലസിലെ കലിഫോർണിയ സർവകലാശാലയിൽ നിന്നു മാസ്റ്റർ ബിരുദം, പ്രശസ്തമായ സീറോക്സ് കമ്പനിയിൽ ഉയർന്ന ഉദ്യോഗം, ഇപ്പോൾ ഐ.ഐ.ടി. കാൺപൂർ, ഇവ്റിയ ഇൻസ്റ്റിറ്റ്യൂട്ട് ഓപ് ടെക്നോളജി എന്നിവിടങ്ങളിൽ വിസിറ്റിങ് പ്രഫസർ, ഹ്യൂലറ്റ്–പക്കാഡ് കമ്പനിയിൽ വിസിറ്റിങ് ശാസ്ത്രജ്ഞൻ, സിതാറിൽ പ്രശസ്തനായ കച്ചേരി വായനക്കാരൻ.....

ഈ അവിവാഹിതന്റെ മനസിൽ നിറയെ സ്വപ്നമാണ്. മണ്ണിലേക്കിറങ്ങി നിൽക്കുന്ന സ്പ്നങ്ങൾ. സംസ്കാരത്തിന്റെ മഴമണമുള്ള സ്വപ്നങ്ങൾ.

അതിനു പെയ്തിറങ്ങാൻ മനസൊരുക്കേണ്ടത് നമ്മൾ മലയാളികളാണ്.